# കണ്ണൂർ സർവകലാശാല

## (വിദൂര വിദ്യാഭ്യാസ വിഭാഗം)

No. SDE-III/2/1784/Exam/2021

തീയതി: 14.07.2021

## അറിയിപ്പ്

വിഷയം:- വിദൂര വിദ്യാഭ്യാസ വിഭാഗം - 2-ാം വർഷ ഡിഗ്രി പരീക്ഷ ഏപ്രിൽ 2021 - പരീക്ഷാ തീയതിക്രമവും ഫീസ് വിവരങ്ങളും അറിയിക്കുന്നത് സംബന്ധിച്ച്

സൂചന:- സർവകലാശാല വിജ്ഞാപനം No. EX/EG I-II/8727/UG-SDE/20-21 **dated: 09.07.2021**).

...............

സൂചന പ്രകാരം കണ്ണൂർ സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ 2-ാം വർഷ ഡിഗ്രി പരീക്ഷ ഏപ്രിൽ 2021 ന് വേണ്ടിയുള്ള ഓൺലൈൻ രജിസ്ട്രേഷന്റെ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിശദമായ വിജ്ഞാപനം സർവകലാശാല വെബ് സൈറ്റിൽ (**www.kannuruniversity.ac.in**) നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. പ്രസ്തുത വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള പരീക്ഷാ രജിസ്ട്രേഷൻ തീയതി ക്രമം, ഫീസ് വിശദാംശങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

**രജിസ്ട്രേഷൻ തീയതി ക്രമം**

| ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്ന തീയ്യതി | ഓൺലൈൻ രജിസ്ട്രേഷൻ അവസാനിക്കുന്ന തീയ്യതി | | അപേക്ഷയുടെ പ്രിന്റൗട്ട് സർവ്വകലാശാലയിൽ എത്തിക്കേണ്ട അവസാന തീയ്യതി | തിയറി പരീക്ഷ ആരംഭിക്കുന്ന തീയതി |
|---|---|---|---|---|
| | പിഴയില്ലാതെ | 170/- രൂപ പിഴയോടു കൂടി | | |
| **16.07.2021** | **23.07.2021** | **26.07.2021** | **30.07.2021** | പിന്നീട് അിറയിക്കും |

**രണ്ടാം വർഷ <u>പരീക്ഷ ഫീസ് ഘടന</u>**

| കോഴ്സ് | അപേക്ഷ ഫീസ് | പരീക്ഷാ ഫീസ് | | | വൈവ | ഗ്രേഡ് കാർഡ് | സി.വി ക്യാമ്പ് ഫീസ് | സെന്റർ ഫീസ് | ആകെ തുക |
|---|---|---|---|---|---|---|---|---|---|
| | | തിയറി | പ്രാക്ടിക്കൽ | പ്രൊജക്ട് | | | | | |
| BA History | 50 | 480 | 0 | 0 | 0 | 70 | 170 | 25 | **795** |
| BA Malayalam | 50 | 480 | 0 | 0 | 0 | 70 | 170 | 25 | **795** |
| BA Economics | 50 | 560 | 0 | 0 | 0 | 70 | 170 | 25 | **875** |
| BA Afsal-Ul-Ulama | 50 | 400 | 0 | 0 | 0 | 70 | 170 | 25 | **715** |
| BA English | 50 | 480 | 0 | 0 | 0 | 70 | 170 | 25 | **795** |
| BA Political Science | 50 | 560 | 0 | 0 | 0 | 70 | 170 | 25 | **875** |
| BBA | 50 | 480 | 0 | 80 | 0 | 70 | 170 | 25 | **875** |
| B.Com | 50 | 400 | 0 | 0 | 0 | 70 | 170 | 25 | **715** |

ഫീസ് ഒടുക്കിയതിനുശേഷം ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുക. തുടർന്ന് അപേക്ഷയുടെ പ്രിൻറ് ഔട്ട് എടുത്ത് അതിൽ ഫോട്ടോ (നിർബന്ധമായും കഴിഞ്ഞ ആറുമാസത്തിനുള്ളിലെടുത്തതും മുഖം വ്യക്തമായതും ആയിരിക്കണം.) പതിപ്പിച്ച് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി, മുകളിൽ സൂചിപ്പിച്ച ഫീസടച്ചതിന്റെ ഒറിജിനൽ രശീതി സഹിതം **30.07.2021** ന് മുൻപായി സർവ്വകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ

എത്തിക്കേണ്ടതാണ്. തപാൽ മാർഗ്ഗമാണെങ്കിൽ The Director, School of Distance Education, Kannur University, Thavakkara , Civil Station (P.O) Kannur -2 എന്ന അഡ്രസ്സിൽ അയക്കുക. അപേക്ഷയുടെ കവറിന് പുറത്ത് 'Application for 2nd Year BA/BBA/B.Com (............................................) Degree (SDE) Examination, April 2021' എന്ന് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിധത്തിൽ ഫീസ് അടയ്ക്കാവുന്നതാണ്.

1. ട്രഷറി ചലാൻ – ഹെഡ് ഓഫ് അക്കൗണ്ട് 8658-00-102-96(27)KUS
2. എസ് ബി ഐ കറണ്ട് അക്കൗണ്ട് പേ-ഇൻ-സ്ലിപ്പ്
3. എസ് ബി ഐ കളക്ട് (സർവകലാശാലയുടെ വെബ്സൈറ്റിൽ ലഭ്യമായ **'SBI Collect'** എന്ന പോർട്ടലിലൂടെ ഓൺലൈൻ മുഖേന)

ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷാർത്ഥികളുടെ ശ്രദ്ധയ്ക്ക്:

ഇംപ്രൂവ്മെന്റ് / സപ്ലിമെന്ററി പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ പൊതുഫീസായ 315/- രൂപ (മുന്നൂറ്റിപ്പതിനഞ്ച് രൂപ) യ്ക്ക് പുറമെ തിയറി പേപ്പറൊന്നിന് 115/- രൂപ, പ്രാക്ടിക്കലിന് 115/- രൂപ, പ്രൊജക്ടിന് 80/- രൂപ പ്രകാരവും ഫീസ് ചേർത്ത് അടയ്ക്കേണ്ടതാണ്. ഇവർ അപേക്ഷയുടെ പ്രിന്റൗട്ടും റസീപ്റ്റും സർവകലാശാലയിലെ എക്സാം തപാൽ സെക്ഷനിൽ എത്തിക്കേണ്ടതാണ്. തപാൽ മാർഗ്ഗമാണെങ്കിൽ The Controller of Examinations, Kannur University, Thavakkara , Civil Station (P.O) Kannur -2 എന്ന അഡ്രസ്സിൽ അയക്കുക. അപേക്ഷയുടെ കവറിന് പുറത്ത് 'Application for 2nd Year BA/B.Sc/BBA/BCA/B.Com (Improvement / Supplementary) Degree (SDE) Examination, April 2021' എന്ന് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

മറ്റ് നിർദേശങ്ങൾ

1. പരീക്ഷാ കേന്ദ്രത്തിൽ മാറ്റം വരുത്തുവാൻ അനുവദിക്കുന്നതല്ല
2. അപേക്ഷയുടെ ഒന്നാം പേജിൽ മുകളിൽ വലത് വശത്തും ഫീ രശീതിയിലും എൻറോൾമെൻറ് നമ്പർ നിർബന്ധമായും എഴുതേണ്ടതാണ്
3. രണ്ടാം വർഷ ട്യൂഷൻ ഫീ അടച്ചിട്ടില്ലാത്തവർ, ബാലൻസ് ഫീ ഉള്ളവർ ഫീസ് അടച്ച് രശീതി വിദൂര വിദ്യാഭ്യാസ വിഭാഗം ഓഫീസിൽ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം രണ്ടാം വർഷ പരീക്ഷയുടെ അപേക്ഷ മറ്റൊരു അറിയിപ്പില്ലാതെ തന്നെ തിരസ്കരിക്കപ്പെടുന്നതാണ്.
4. രണ്ടാം വർഷ പരീക്ഷയ്ക്ക് രോഗ സംബന്ധമായ കാരണത്താൽ അപേക്ഷിക്കാൻ സാധിക്കാതെ വരുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷ കഴിഞ്ഞ് 10 ദിവസത്തിനകം ടോക്കൺ റജിസ്ട്രേഷൻ നേടി മൂന്നാം വർഷ പഠനം തുടരാവുന്നതാണ്. വിശദ വിവരങ്ങൾക്ക് വിദൂര വിദ്യാഭ്യാസ വിഭാഗവുമായി ബന്ധപ്പെടുക.

## മൂന്നാം വർഷ കോഴ്സിലേക്കുള്ള ക്ലാസ്സ് കയറ്റവും ട്യൂഷൻ ഫീസും.

2-ാം വർഷ പരീക്ഷയ്ക്കുള്ള രജിസ്ട്രേഷൻ വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾ 2021-22 അദ്ധ്യയന വർഷത്തിൽ മൂന്നാം വർഷ പ്രോഗ്രാമിലേയ്ക്ക് ക്ലാസ്സ് കയറ്റത്തിന് അർഹരാണ്. അതിനാൽ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ നിന്നും അറിയിപ്പ് വരുന്ന മുറയ്ക്ക് നിശ്ചിത തീയതിക്കകം ട്യൂഷൻ ഫീസ് അടച്ച് മൂന്നാം വർഷ പഠന സാമഗ്രികൾ കൈപ്പറ്റേണ്ടതാണ്. മൂന്നാം വർഷ ട്യൂഷൻ ഫീസ് ഒടുക്കാത്തവർക്ക് ആ വർഷത്തെ പരീക്ഷയ്ക്ക് അപേക്ഷിക്കുവാൻ സാധിക്കുകയില്ല. മൂന്നാം വർഷ ട്യൂഷൻ ഫീസ് ഒടുക്കുമ്പോൾ പ്രത്യേക ഓൺലൈൻ രജിസ്ട്രേഷൻ ആവശ്യമില്ല എന്ന കാര്യവും ശ്രദ്ധിക്കുക.

(ഒപ്പ്)
പ്രിയ. വി.ഒ
അസിസ്റ്റന്റ് രജിസ്ട്രാർ

To

വെബ്മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)